**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പാലാ നഗരസഭ - മൂന്നാനി ലോയേഴ്സ് ചേംബർ നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകിയത്- ഭേദഗതി വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.2509/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 26/09/2018

---

പരാമർശം :- (1) സ.ഉ.(സാധാ) 2041/2018/തസ്വഭവ തീയതി 26.07.2018.

(2) നഗരകാര്യ ഡയറക്ടറുടെ 06.08.2018 തീയതിയിലെ ഡി.സി.3-5878/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലാ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മൂന്നാനി ലോയേഴ്സ് ചേംബറിന്റെ നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. ടി ഉത്തരവിന് ആധാരമായ അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്ന വിവരങ്ങളിൽ ജാമ്യ വസ്തുവിന്റെ ബ്ലോക്ക് / സർവ്വേ നമ്പർ "ളാലം വില്ലേജിൽ ബ്ലോക്ക് 80 ൽ റീസർവ്വേ 125/3" എന്നതിന് പകരം "ളാലം വില്ലേജിൽ ബ്ലോക്ക് 170 ൽ റീസർവേവ 11" എന്നാണ് രേഖപ്പെടുത്തി നൽകിയിരുന്നതെന്നും, ആയത് "ളാലം വില്ലേജിൽ ബ്ലോക്ക് 80-ൽ റീസർവ്വേ 125/3" എന്ന് തിരുത്തൽ വരുത്തി സെക്ഷൻ 3 പ്രകാരം പുതുക്കിയ അനുമതി നൽകണമെന്ന പാലാ നഗരസഭാ സെക്രട്ടറിയുടെ അപേക്ഷ, പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന "ളാലം വില്ലേജിൽ ബ്ലോക്ക് നമ്പർ 170 ൽ റീസർവ്വേ നമ്പർ 11" എന്നത് "ളാലം വില്ലേജിൽ ബ്ലോക്ക് 80-ൽ റീസർവ്വേ 125/3" എന്ന് തിരുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (1) ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ശ്രീജിത്ത്.വി.പി
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, പാലാ നഗരസഭ.
ധനകാര്യ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.